**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3560** **08-10-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടയ വിതരണ ഫയലുകളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം റോഡ് പുറമ്പോക്ക്, പാറ പുറമ്പോക്ക് ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനായി അപേക്ഷിച്ച റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ള ആർ.ഇ2/186/2025-എൽ.എസ്.ജി.ഡി., ആർ.ഇ2/187/2025-എൽ.എസ്.ജി.ഡി, ആർ.ഇ2/188/2025-എൽ.എസ്.ജി.ഡി, ആർ.ഇ2/189/2025-എൽ.എസ്.ജി.ഡി, ആർ.ഇ2/190/2025-എൽ.എസ്.ജി.ഡി, ആർ.ഇ2/192/2025-എൽ.എസ്.ജി.ഡി എന്നീ നമ്പർ ഫയലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം 'വഴി പുറമ്പോക്ക്' ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ അഭിപ്രായം ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്വയം ഭരണ (ആർ.ഇ) വകുപ്പിൽ നിന്നും ലഭ്യമായ പ്രസ്തുത ഫയലുകളിൽ ടി ഭൂമികൾ സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്യുന്നതിന് റവന്യൂ വകുപ്പിന് എതിർപ്പില്ല എന്ന വിവരം അറിയിച്ചുകൊണ്ട് ഫയലുകൾ മടക്കി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കി തദ്ദേശ ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് തന്നെ ബന്ധപ്പെട്ട പതിവധികാരി പട്ടയം നൽകാൻ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഫയലുകൾ തീർപ്പാക്കി ഭൂരഹിതരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം 'വഴി പുറമ്പോക്ക്' ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ അഭിപ്രായം ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്വയം ഭരണ (ആർ.ഇ) വകുപ്പിൽ നിന്നും ലഭ്യമായ പ്രസ്തുത ഫയലുകളിൽ ടി ഭൂമികൾ സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്യുന്നതിന് റവന്യൂ വകുപ്പിന് എതിർപ്പില്ല എന്ന വിവരം അറിയിച്ചുകൊണ്ട് ഫയലുകൾ മടക്കി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കി തദ്ദേശ ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് തന്നെ ബന്ധപ്പെട്ട പതിവധികാരി പട്ടയം നൽകാൻ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ